### ജനുവരി 30 മുതൽ അനിശ്ചിതകാല നിരാഹാര സമരം

# പ്ലാച്ചിമട ജനാധികാര സമരത്തിലേക്ക്

**പ്ലാച്ചിമട സമര–ഐക്യദാർഢ്യ സമിതി**

2014 ജനുവരി 30 മുതൽ പ്ലാച്ചിമടയിൽ ജനാധികാര സമരം ആരംഭിക്കുന്നതിന് സമര സമിതിയും ഐക്യദാർഢ്യ സമിതിയും തീരുമാനിച്ചിരിക്കുകയാണ്. 2011 ഫെബ്രുവരി 24ന് കേരള നിയമസഭ ഐക്യകണ്ഠമായി പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായില്ലെങ്കിൽ പ്ലാച്ചിമടയിലെ കൊക്കക്കോളയുടെ ആസ്തികളിൽ കൃഷിയുൾപ്പെടെയുള്ള തൊഴിൽദായക സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്ന അഹിംസാത്മക, നിയമലംഘന സമരമാർഗങ്ങൾ അവലംബിക്കാനാണ് സമരസമിതി തീരുമാനിച്ചിട്ടുണ്ട്.

പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന് നാളിതുവരെയും രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. പ്ലാച്ചിമട ജനതയ്ക്ക് നീതി ലഭ്യമാക്കുന്നതിൽ കേരള സർക്കാറും കേന്ദ്ര ആഭ്യന്തര വകുപ്പും കാണിക്കുന്ന താത്പര്യരാഹിത്യം ആദിവാസി ദളിത് ജനവിഭാഗങ്ങളോടുള്ള മനഃപൂർവ്വമായ അവഗണനയാണ്. പാട്ടക്കാലവധി കഴിഞ്ഞ തോട്ടങ്ങളുടെ കാര്യത്തിലും കസ്തൂരിരംഗൻ റിപ്പോർട്ട് മരവിപ്പിക്കുന്ന കാര്യത്തിലും പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംബന്ധിച്ച നിയമം റദ്ദാക്കുന്നതിലും സർക്കാർ ദ്രുതഗതിയിലുള്ള ഇടപെടലുകൾ നടത്തിയപ്പോൾ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ കാര്യത്തിൽ ഒച്ചിഴയുന്ന വേഗത്തിലാണ് സർക്കാർ സംവിധാനം പ്രവർത്തിക്കുന്നത്. കേരള സർക്കാറിന്റെ ഏതെങ്കിലും പ്രതിനിധിയോ മന്ത്രിമാരോ ഇക്കാര്യം തന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല എന്നാണ് 2013 ഡിസംബറിൽ നടന്ന പ്ലാച്ചിമട ജനാധികാര യാത്രയ്ക്കിടയിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പിള്ളി രാമചന്ദ്രൻ പ്രതികരിച്ചത്.

2011 ഡിസംബർ 17ന് കൊക്കക്കോളയുടെ ആസ്തികൾ പിടിച്ചെടുത്തുകൊണ്ട് നടത്തിയ സമരത്തിൽ അറസ്റ്റുവരിച്ച പ്രവർത്തകർ ജയിലിൽ നിരാഹാര സമരം നടത്തിയതിനെ തുടർന്ന് ജലവിഭവവകുപ്പ് മന്ത്രി പി.ജെ. ജോസഫ് ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടുമെന്ന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നു. രണ്ടുവർഷം പിന്നിട്ടിട്ടും ഇക്കാര്യത്തിൽ ചെറിയ ഒരിടപെടൽ നടത്താൻ പോലും സർക്കാറിന് കഴിഞ്ഞിട്ടില്ല. വിവരാവകാശ നിയമപ്രകാരം ലഭിച്ച വസ്തുതകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. കേന്ദ്രം ആവശ്യപ്പെട്ടതിനെല്ലാം കേരളം മറുപടി നൽകിയിട്ടും ബിൽ രാഷ്ട്രപതിയുടെ പക്കലേക്ക്, ആഭ്യന്തര മന്ത്രാലയം അയയ്ക്കാത്തതിന് പിന്നിൽ കൊക്കക്കോളയുടെ സമ്മർദ്ദമുള്ളതായി ഞങ്ങൾ സംശയിക്കുന്നു.

കേരള സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ വിലയിരുത്തൽ പ്രകാരം 216.26 കോടി രൂപയുടെ നഷ്ടപരിഹാരം കൊക്കക്കോള കമ്പനി തദ്ദേശീയ ജനതയ്ക്ക് നൽകേണ്ടതുണ്ട്. അതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനും നിയമപരമായി നിലനിൽപ്പുള്ളതാക്കുന്നതിനും വേണ്ടിയാണ് പ്രത്യേക വിചാരണ കോടതി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം കേരള നിയമസഭ ഐക്യകണ്ഠേന പാസാക്കിയത്. ഭൂജല മലിനീകരണം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാറിന് പൂർണ്ണാധികാരം ഉണ്ടെന്നതിനാലാണ് കേരള ജനതയുടെ ഏകകണ്ഠമായ രാഷ്ട്രീയതീരുമാനം എന്ന നിലയിൽ പ്രസ്തുത ബിൽ അംഗീകരിക്കപ്പെട്ടത്. തുടർന്ന് 2011ലെ പൊതുതെരഞ്ഞെടുപ്പിനെ തുടർന്ന് രൂപീകരിക്കപ്പെട്ട ഇപ്പോഴത്തെ നിയമസഭയിലും അതേ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ തന്നെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വേഗത്തിലുള്ള നടപടി സ്വീകരിക്കുന്നതിന് കേരള സർക്കാറിന് ബാധ്യതയുണ്ട്. സർക്കാറിന്റെ ഒരു ഉന്നത ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ അടിയന്തിരമായി ഇക്കാര്യം കൈകാര്യം ചെയ്യുന്നതിന് മാത്രമായി പ്രത്യേകം നിയമിച്ചുകൊണ്ട് സർക്കാർ നൽകിയ വാഗ്ദാനം പാലിക്കണമെന്നാണ് സമര-ഐക്യദാർഢ്യ സമിതിയുടെ ആവശ്യം. കേന്ദ്ര ആഭ്യന്തര മന്ത്രിയുമായും എ.കെ. ആന്റണി ഉൾപ്പെടെയുള്ള കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരും എം.പിമാരുമായും ബന്ധപ്പെട്ട് സത്വരമായ നടപടികൾ സർക്കാർ ഉടൻ ഉറപ്പുവരുത്തണം. ■


കർഷക ജനതയുടെ
ആശങ്കകൾ കേട്ടറിയാൻ...
ആദിവാസി ജീവിതത്തിന്റെ
നേരുകൾ കണ്ടറിയാൻ...
കാടകത്തിന്റെ നന്മകൾ സംരക്ഷിക്കാൻ...

പശ്ചിമഘട്ട സംവാദ യാത്ര

എപ്രിൽ 10 – മെയ് 30

**കേരള പശ്ചിമഘട്ടത്തിലൂടെ**
**ഒരു പദയാത്ര**

പരിസ്ഥിതിക്കും നീതിക്കും വേണ്ടി യുവജനങ്ങൾ
**യൂത്ത്ഡയലോഗ്**
*ബന്ധങ്ങൾക്ക്: 9746757423, 8547698740, 9447019546*